അക്ഷയ കേന്ദ്രങ്ങൾ

19 (*199) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാറുണ്ടോ; ഇവയുടെ പ്രവർത്തനരീതി, ക്ഷമത എന്നിവ പരിശോധിച്ചിട്ടുണ്ടോ;

(ബി) വിവിധ മേഖലകളിലെ അപേക്ഷകൾ ഓൺലൈൻ ആയി അപേക്ഷിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത കേന്ദ്രങ്ങളിലെ സേവനം കിട്ടുന്നതിൽ ജനങ്ങൾ ബുദ്ധിമുട്ടുന്നുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എല്ലാ പഞ്ചായത്തുകളിലും പരമാവധി അക്ഷയകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി ഉണ്ടാകുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്. അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പു വരുത്തുന്നതിനായി ജില്ലാ കളക്ടറും ഇതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ സംരംഭകരുമായി ഒരു കരാറിലേർപ്പെട്ടിട്ടുണ്ട്. ഒരു അക്ഷയകേന്ദ്രം റദ്ദ് ചെയ്യുന്നതിനോ അതിന്റെ ലൊക്കേഷൻ മാറ്റുന്നതിനോ ജനങ്ങളുടെ ആവശ്യാനുസരണം അക്ഷയ കേന്ദ്രങ്ങൾക്കായി പുതിയ ലൊക്കേഷൻ ആവശ്യപ്പെടുകയോ ചെയ്യുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനത്തിന്റെ വെളിച്ചത്തിലാണ്. കൂടാതെ അക്ഷയ ജില്ല/സംസ്ഥാന ഓഫീസുകളിൽനിന്ന് ഡയറക്ടർഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും അവിടെ റേറ്റ് ചാർട്ട് പ്രദർശിപ്പിച്ചിട്ടുണ്ടോ ആവശ്യപ്പെട്ടിട്ടുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ബി&സി) സാധാരണ ജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭ്യമാക്കാൻ അക്ഷയകേന്ദ്രങ്ങൾക്ക് കഴിയുന്നുണ്ട്. അക്ഷയകേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനുവേണ്ടി ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നാലും മുനിസിപ്പാലിറ്റിയുടെ പരിധിയിൽ ആറും അക്ഷയകേന്ദ്രങ്ങൾക്കുവരെ പരമാവധി അനുമതി നൽകുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ കോർപ്പറേഷൻ പരിധിയിൽ ജനസംഖ്യ അനുപാതവും കോർപ്പറേഷന്റെ തീരുമാനവും കണക്കിലെടുത്ത് ആവശ്യാനുസരണം

LIBRARY ARCHIVES Kerala Legislative Assembly

അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചുവരികയാണ്. എന്നാൽ രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി കുറഞ്ഞത് 2 കി.മീ. ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രമേയത്തിനനുസരിച്ചാണ്. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആവശ്യപ്പെടുമ്പോൾ മേൽപ്പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് 2418 അക്ഷയകേന്ദ്രങ്ങൾ ഉണ്ട്. ഇതിനുപുറമേ സർക്കാർ അനുമതി നൽകിയ പുതിയ അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ അക്ഷയ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

ഊർജ്ജമേഖലയിലെ സ്വയംപര്യാപ്തത

20(*200) ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. എ. കെ.ബാലൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യത്തിനനുസരിച്ച് ഉൽപാദനം സാദ്ധ്യമാക്കുന്നതിന് സാധിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കൂടുതൽ ഊർജ്ജോല്പാദനത്തിനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിൽ അലംഭാവം കാണിക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ഉപഭോഗ ആവശ്യത്തിനനുസരിച്ച് ഉൽപാദനം സാദ്ധ്യമാകുന്നതിന് സാധിക്കാത്തപ്പോൾ, ഉപഭോക്താവിന് അന്യസംസ്ഥാനങ്ങളിൽനിന്നും കേന്ദ്ര ഊർജ്ജ മേഖലയിൽനിന്നും വൈദ്യുതി എത്തിച്ചു നൽകുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ അലംഭാവം കാണിക്കുന്നുണ്ടോ ;വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യത്തിനനുസരിച്ചുള്ള ആഭ്യന്തര ഉല്പാദനം സാദ്ധ്യമാകുന്നില്ല എന്ന് വിലയിരുത്തിയിട്ടുണ്ട്. കേരളത്തിന്റെ ആഭ്യന്തരോല്പാദനത്തിനു പുറമെ കേന്ദ്ര വിഹിതവും പുറമേ നിന്നുള്ള വൈദ്യുതിയും ഉപയോഗിച്ചാണ് സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യം നിറവേറ്റുന്നത്.

LIBRARY ARCHIVES Kerala Legislative Assembly